PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed by
**JIM Offset, Palakkad**

Reg. No. KERMAL14748/11/01/2011-TC
Annual Subscription: Rs. 200

# ഉള്ളടക്കം

ഇടയലേഖനം............................................ 03
അനുമോദന സന്ദേശം................................ 09
സന്ദർശന റിപ്പോർട്ട്.................................. 11
വിജ്ഞാപനം............................................ 16
Bishop's Engagement................................ 17
From the Bishop's Office........................... 18
നിത്യാരാധനാ കപ്പേള................................. 19
വിശ്വാസപരിശീലനവേദി.............................. 20
ബൈബിൾ അപ്പോസ്തലേറ്റ്........................... 33
അൾത്താരസംഘം..................................... 33
തിരുബാലസഖ്യം....................................... 36
ചെറുപുഷ്പ മിഷൻ ലീഗ്............................. 39
കെ.സി.വൈ.എം...................................... 40
മാതൃസംഘം............................................... 44
നവീകരണമുന്നേറ്റം.................................... 45
ഫാമിലി അപ്പോസ്തലേറ്റ്............................. 46
കുടുംബകൂട്ടായ്മ...................................... 46
സെഹിയോൻ ധ്യാനകേന്ദ്രം......................... 47
പി. എസ്. എസ്. പി.................................... 48
From the Bishop's Diary............................ 53

454/2011
29-11-2011

# ഇടയലേഖനം-115

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരേ,**

മംഗളവാർത്താക്കാലത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. പ്രാർത്ഥനയും നോമ്പാചരണവുമായി പിറവിത്തിരുനാളിനുള്ള ഒരുക്കത്തിന്റെയും കാത്തരിപ്പിന്റെയും കാലമാണിത്. ആദ്യത്തെ ക്രിസ്തുമസ്സിനുമുണ്ടായിരുന്നു പ്രതീക്ഷാനിർഭരമായ കാത്തിരിപ്പും ഒരുക്കവും. ഇസ്രായേൽ ജനമാകെ നൂറ്റാണ്ടുകളായി തങ്ങളുടെ രക്ഷകനെ കാത്തിരിക്കുകയായിരുന്നു. വി. യൗസേപ്പിതാവും പരിശുദ്ധ മറിയവും ഉണ്ണീശോയുടെ വരവിനായി പ്രത്യേകമായി ഒരുങ്ങി. ഈശോയുടെ പിറവിയോടെ മറിയത്തിന്റെയും യൗസേപ്പിതാവിന്റെയും കടമകൾഅവസാനിച്ചില്ല. ചോരക്കുഞ്ഞായി കൈയ്യിലേറ്റുവാങ്ങിയ ഈശോയെ അവരിനി വളർത്തിയെടുക്കണം. ഈശോയിൽ മാനുഷികഗുണങ്ങൾ പരിപോഷിപ്പിക്കണം. ദൈവപിതാവിന്റെ കാര്യങ്ങളിൽ ശ്രദ്ധചെലുത്താൻ തക്കവിധം അവനെ പക്വമതിയാക്കണം. ചുരുക്കത്തിൽ, ഈശോയുടെ ജനനത്തിനായി ഒരുങ്ങി കാത്തിരുന്നതുപോലെ പിന്നീട് അവനെ പക്വമതിയായ യുവാവാക്കി വളർത്തിയെടുക്കാൻ മാതാവും യൗസേപ്പിതാവും അദ്ധ്വാനിച്ച് കാത്തിരുന്നു. അവർ ചെയ്തതുപോലെ എല്ലാ മാതാപിതാക്കളും കുഞ്ഞുങ്ങളെ ശരിയായി വളർത്തുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അക്കാര്യം പ്രിയ മാതാപിതാക്കളേ ഈ ക്രിസ്തുമസ്സു കാലത്ത് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്.

കുഞ്ഞുങ്ങളുടെ ശരിയായ വ്യക്തിത്വരൂപീകരണം മാതാപിതാക്കന്മാരുടെ ഗൗരവമുള്ള കടമയാണ്. ഇക്കാര്യത്തിൽ ദൈവത്തിന്റെ





മുമ്പിലും സമൂഹസമക്ഷവും കണക്കുപറയാൻ അവർ ചുമതലപ്പെട്ടവരാണ്. പൂർവ്വപിതാവായ അബ്രാഹത്തിന് മക്കളെ കൊടുത്തത് എന്തിനാണെന്ന് വി. ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്: "കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ കല്പിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിനും വേണ്ടിയാണ്" (ഉത്പത്തി 18: 19). പഴയനിയമത്തിലെ ഏലിയുടെ മക്കൾ വഴിതെറ്റിയപ്പോൾ ദൈവം പിതാവായ ഏലിയെ ശകാരിച്ചു (1 സാമു. 3: 12-14). പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടെ സ്വന്തമല്ല; അവർ ദൈവത്തിന്റേതാണ്. അവരെ ദൈവമക്കളായി വളർത്താൻ ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുകയാണ്.ഓരോ കുഞ്ഞും ദൈവത്തിന്റേതാണെങ്കിൽ ദൈവം ആഗ്രഹിക്കുന്നതുപോലെയാവണം അവരെ വളർത്താൻ.

കുഞ്ഞുങ്ങൾക്ക് ശരിയായ രൂപീകരണം നിങ്ങൾ കൊടുക്കുന്നില്ലെങ്കിൽ അവരെ ശരിയല്ലാത്ത വഴികളിലൂടെ മറ്റുള്ളവർ രൂപപ്പെടുത്തും. നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ മൂല്യബോധമില്ലാത്ത മാധ്യമങ്ങൾ, കൂട്ടുകാർ, പുസ്തകങ്ങൾ, ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ, നിരീശ്വര പ്രസ്ഥാനങ്ങൾ എന്നിവയൊക്കെ നാമാഗ്രഹിക്കാത്തതരത്തിൽ നമ്മുടെ കുട്ടികളെ രൂപീകരിച്ചുകൊണ്ടിരിക്കും. ഒരുപക്ഷേ, മുതിർന്നവരെ ഭയചകിതരാക്കുന്നതരം തിന്മകൾ കുട്ടികളുടെയിടയിൽ വ്യാപകമാകുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. കൗമാരപ്രായക്കാരുടെയിടയിലെ മദ്യപാനം, മറ്റു ലഹരിവസ്തുക്കളുടെ ഉപയോഗം, ലൈംഗികതിന്മകൾ, അക്രമവാസന, എങ്ങനെയും പണമുണ്ടാക്കാനുള്ള ശ്രമങ്ങൾ എന്നിവയൊക്കെ എടുത്തുപറയേണ്ടവയാണ്. വിശ്വാസജീവിതത്തോടുള്ള എതിർപ്പും സാമൂഹികജീവിതത്തോടുള്ള താല്പര്യമില്ലായ്മയും കുട്ടികളിൽ ഏറിവരുന്നുണ്ട്. നമ്മുടെ കുട്ടികളെല്ലാം മോശക്കാരാണെന്ന് പറയുകയല്ല; അവർ മോശമായിപ്പോകാനുള്ള സാധ്യത ഏറിവരുന്നുണ്ടെന്ന് സൂചിപ്പിക്കുകയാണ്.

മാതാവും യൗസേപ്പിതാവും ഈശോയെ വളർത്തിയതുപോലെയാണ് നമ്മുടെ മക്കളെയും വളർത്തേണ്ടത്. ബാലനായിരുന്ന ഈശോ പക്വതയാർന്ന ചെറുപ്പക്കാരനായി വളർന്ന കാലഘട്ടത്തെ സുവിശേഷകൻ സംഗ്രഹിക്കുന്നതിങ്ങനെയാണ്: "ഈശോ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും

വളർന്നു വന്നു" (ലൂക്ക 2: 52).മക്കൾ പഠിച്ച്, നല്ല നിലയിലാകണം എന്ന് എല്ലാ മാതാപിതാക്കന്മാരും ആഗ്രഹിക്കും. അത് വേണ്ടതാണ്. പക്ഷേ നിങ്ങളുടെ സ്വപ്നങ്ങൾ അവിടെ അവസാനിപ്പിക്കരുത്. മക്കൾ ഈശോയെപ്പോലെപ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരണം.മാതാപിതാകളുടെ വിശുദ്ധീകരണത്തിനുള്ള പ്രധാന മാർഗ്ഗമാണ് മക്കളെ നേരാംവിധം വളർത്തുന്നത്. മക്കളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ ഗുണവിശേഷങ്ങൾ മാതാപിതാക്കൾ പ്രകടിപ്പിക്കണം. ദൈവം സ്നേഹിക്കുന്നതുപോലെ അവരെ സ്നേഹിക്കണം; വളർത്തണം; സംരക്ഷിക്കണം; ഗുണദോഷിക്കണം; വേണ്ട സന്ദർഭ ങ്ങളിൽ തിരുത്തണം; അവർക്കുവേണ്ടി പ്രാർത്ഥിക്കണം. വഴിതെറ്റിപ്പോകുന്നവരുടെ തിരിച്ചുവരവിനു വേണ്ടി കാത്തിരിക്കണം..

കുട്ടികളെ ശരിയാംവിധം വളർത്തുന്നത് അത്ര എളുപ്പമല്ല. താനേ വളരുന്ന ചെടികൾപോലെയൊ മെരുക്കിയെടുക്കേണ്ട ഓമനമൃഗങ്ങൾ പോലെയൊ അല്ല നമ്മുടെ കുട്ടികൾ.അതീവ കരുതലോടെ മാതാപിതാക്കൾ നിർവ്വഹിക്കേണ്ട ജീവിതശുശ്രൂഷയാണ് കുട്ടികളെ വളർത്തൽ.ഇ ൗ വിഷയത്തിൽഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മക്കളോടുള്ള മാതാപിതാക്കളുടെസ്നേഹം സന്തുലിതമാകണം. മക്കളെ സ്നേഹിക്കുകയും; ആ സ്നേഹം പ്രകടിപ്പിക്കുകയും വേണം. നല്ല കാര്യങ്ങളിൽ അവരെ അഭിനന്ദിക്കുകയും; പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഇതൊക്കെ അവരുടെ ആത്മവിശ്വാസം വളർത്തും.ഇതുവഴി ഊഷ്മളമായ ബന്ധം ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

ഈശോ പറഞ്ഞു, ശിശുക്കൾ എന്റെയടുത്ത് വരട്ടെ; അവരെ തടയരുത് (മത്താ. 19: 14). മാതാപിതാക്കൾ കുട്ടികളെ പ്രായത്തിനനുസരിച്ച് ദൈവാഭിമുഖ്യത്തിൽ വളർത്താൻ ശ്രദ്ധിക്കണം. വിശ്വാസപരിശീലന ക്ലാസ്സുകളിൽ വിടുന്നതുകൊണ്ട് മാത്രം ഈ കടമ തീരുന്നില്ല. മാതാപിതാക്കൾ ദൈവത്തെപ്പറ്റി കുഞ്ഞുങ്ങളോട് പറയണം. നല്ല കാര്യങ്ങൾ സംഭവിക്കുമ്പോൾ നമ്മുടെ ഭാഗ്യം എന്നല്ല മക്കളോട് പറയേണ്ടത്, മറിച്ച് ദൈവം ഇടപെട്ടതാണെന്ന് പറയണം. സങ്കീർത്തനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു: "കർത്താവു പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ ശക്തിപ്രാഭവവും അത്ഭുതകൃത്യങ്ങളും വരുംതലമുറക്ക് വിവരിച്ചുകൊടുക്കണം" (സങ്കീ. 78: 4). സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി കർത്താവു പ്രവർത്തിച്ച മഹത്തായ കാര്യങ്ങൾ മക്കൾക്ക് പറഞ്ഞുകൊടുക്കുന്നത് ശ്രേഷ്ഠമായ വേദോപദേശമാണ്. മാതാപിതാക്കൾ അത് ചെയ്യണം. മോശ ഇസ്രായേൽ ജനത്തിനു കൊടുക്കുന്ന ഉപദേശം ഇതാണ്: "നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാനും ജീവിതകാലം മുഴുവൻ അവ ഹൃദയത്തിൽനിന്ന് മായാതിരിക്കാനും ശ്രദ്ധിക്കുവിൻ; ജാഗരൂകരായിരിക്കുവിൻ. അവയെല്ലാം നിങ്ങളുടെ മക്കളെയും മക്കളുടെ മക്കളെയും അറിയിക്കണം" (നിയമാ. 4: 9).





മാതാപിതാക്കളുമായുള്ള ബന്ധത്തിൽ കുട്ടികൾക്ക് സ്വാതന്ത്ര്യം അനുഭവപ്പെടണം; ഭയപ്പെടുത്തിയല്ല അവരെ വളർത്തേണ്ടത്. മക്കളോട് സംസാരിക്കാൻ മാതാപിതാക്കൾ സമയം മാറ്റിവക്കണം. അങ്ങനെ കുട്ടികളെ മനസ്സിലാക്കണം; അവരുടെ താത്പര്യങ്ങൾ അറിയണം. അവരുടെ ഉത്ക്കണ്ഠകൾ കണ്ടെത്തണം. പ്രായത്തിനനുസരിച്ച് മക്കളെ മാനിക്കണം. മുതിർന്നാലും മക്കളെ കുട്ടികളായി കാണാനുള്ള പ്രലോഭനം ഒരുപക്ഷേ മാതാപിതാക്കളുടെ വാത്സല്യത്തിൽനിന്ന് വരുന്നതാകാം. പക്ഷേ അത് ആർക്കും ഗുണംചെയ്യുകയില്ല. സ്വാതന്ത്ര്യബോധത്തിൽ വളരുന്ന കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകും; തെറ്റുപറ്റിയാൽ അത് സമ്മതിക്കാനുള്ള മനസ്സും അവർ കാണിക്കും. കാരണം അവർക്ക് അവരുടെ മാതാപിതാക്കളിൽ വിശ്വാസമുണ്ട്. നാമോർക്കണം, നാടുവിട്ടുപോകുന്ന കുട്ടികൾ ആദ്യം മനസ്സുകൊണ്ട് വീടുവിടുന്നവരാണ്. മാതാപിതാക്കന്മാർ അത് യഥാസമയം തിരിച്ചറിയാതെപോകുന്നത് എന്തൊരു ദുര്യോഗമാണ്!

സുവിശേഷം വായിക്കാൻ തുടങ്ങുന്നതിനുമുമ്പ് മക്കൾ മാതാപിതാക്കളുടെ ജീവിതം വായിക്കാൻ തുടങ്ങുന്നുണ്ട്. അതുകൊണ്ട് മാതാപിതാക്കളുടെ സാരോപദേശങ്ങളേക്കാൾ ജീവിതത്തിലെ മാതൃകയാണവർ പഠിക്കുന്നത്. മോഷ്ടാവായ അപ്പന് മക്കളോട് മോഷ്ടിക്കരുതെന്ന് ഉപദേശിക്കാനാവില്ല. പരസ്പരം കലഹിക്കുന്ന ദമ്പതികൾക്ക് മക്കളോട് സ്നേഹത്തെക്കുറിച്ച് പറയാനാവില്ല. മക്കളെ ഗുണദോഷിക്കാനുള്ള അവകാശം ഉപേക്ഷമൂലം നഷ്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് ഇടക്ക് ചിന്തിക്കുന്നത് നല്ലതാണ്.

മക്കളെ ശിക്ഷിക്കേണ്ട സാഹചര്യം മാതാപിതാക്കൾക്ക് ചിലപ്പോഴെങ്കിലും ഉണ്ടായേക്കാം. ശരിയായ ശിക്ഷണം കൊടുക്കുന്നത് ആവശ്യമാണ്. "മകനെ ശിക്ഷ കൂടാതെ വളർത്തുന്നവൻ അവനെ വെറു

ക്കുന്നു; സ്നേഹമുള്ള പിതാവ് അവന് ശിക്ഷണം നല്കാൻ ജാഗരൂകത കാട്ടുന്നു" എന്നാണ് തിരുവചനം (സുഭാ. 13: 24). ശിക്ഷിക്കു മ്പോൾ അതിന്റെ കാരണവും മക്കളോട് പറയണം. അവരുടെ മനസ്സിനെ മുറിപ്പെടുത്തുകയും അപമാനിക്കുകയും ചെയ്യുന്ന ശിക്ഷകൾ ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ എന്നും നാമോർക്കണം.

കുഞ്ഞുങ്ങളിൽ നല്ല ശീലങ്ങൾ വളർത്താൻ മാതാപിതാക്കൾ ശ്രദ്ധ കാണിക്കണം. മുതിർന്നവരോടുള്ള പെരുമാറ്റം, പൊതുസ്ഥലത്തെ രീതികൾ, ഭക്ഷണമേശയിലെ മാന്യത, വൃത്തിയും വെടിപ്പും, അന്യവീടുകളിലുത്തുമ്പോഴത്തെ പെരുമാറ്റം, ടെലഫോൺ വിളിക്കുന്നതിലെ മര്യാദകൾ തുടങ്ങിയവ അവരെ ശീലിപ്പിക്കണം. "ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽനിന്ന് വ്യതിചലിക്കുകയില്ല" എന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട് (സുഭാ. 22: 6). വായനാശീലം, പ്രകൃതിസ്നേഹം, മണ്ണിൽ പണിയെടുക്കാനുള്ള താത്പര്യം ഇതൊക്കെ മക്കളിൽ ജനിപ്പിക്കണം. വീടുകളിലെ കഷ്ടപ്പാടുകൾ അറിഞ്ഞാണവർ വളരേണ്ടത്. അടുക്കളയിലെയും പുറത്തേയും ജോലികളിൽ സാധിക്കുംവിധം ആൺകുട്ടികളെയും പെൺകുട്ടികളെയുംപങ്കുചേർക്കണം. എല്ലാ ജോലിയും മാതാപിതാക്കൾ പ്രത്യേകിച്ച് അമ്മമാർ തന്നെ ചെയ്ത് മക്കളെ സുഖിമാന്മാരാക്കി മാറ്റുന്നത് അവർക്കുതന്നെ ദോഷം ചെയ്യും.

ഈ ലോകത്തിലെ തിന്മകളെക്കുറിച്ചും പ്രായാനുസൃതം മക്കളെ ഓർമ്മിപ്പിക്കണം. കുട്ടികൾ നാനാതരത്തിൽ ചൂഷണം ചെയ്യപ്പെടുന്ന ഇക്കാലത്ത് പ്രായോഗികമായ കാര്യങ്ങൾ അവരെ, പ്രത്യേകിച്ച് പെൺകുട്ടികളെ, പഠിപ്പിക്കണം. ഉദാഹരണത്തിന്, ചീത്ത കൂട്ടുകാരെ എങ്ങനെ തിരിച്ചറിയാം,സഹായവുമായി വരുന്ന അപരിചിതരോട് എങ്ങനെ പെരുമാറണം, പ്രണയത്തിന്റെ പേരിൽ ശല്യമായി പുറകേ കൂടുന്നയാളോട് എങ്ങനെ പ്രതികരിക്കണം, ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിലുള്ള മോശം പെരുമാറ്റമുണ്ടായാൽ എന്തുചെയ്യണം എന്നൊക്കെ അവർക്ക് ധാരണ കൊടുക്കണം.

മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഓർത്ത് ദൈവത്തിന് നന്ദി പറയണം; പൂർവ്വപിതാവായ യാക്കോബ് തന്റെ മക്കളെ വിശേഷിപ്പിക്കുന്നത് "ദൈവം കനിഞ്ഞു നല്കിയവർ" എന്നാണ് (ഉല്പത്തി 33: 5). മാതാപിതാക്കൾ എത്ര ശ്രമിച്ചാലും അവരുടെ സ്വപ്നങ്ങൾ തല്ലിക്കെടുത്തുന്ന മക്കളുണ്ടാകാം. ദൈവം മാതാപിതാക്കളുടെ





വിശ്വാസം പരീക്ഷിക്കുന്ന അവസരമാണത്. കൂടുതൽ മാദ്ധ്യസ്ഥപ്രാർത്ഥന നടത്തിയും ദൈവത്തിൽ കൂടുതൽ ശരണപ്പെട്ടും മക്കളെ ദൈവത്തിനായി നേടാൻ ദൈവം അത്തരം അവസരങ്ങളിലൂടെ മാതാപിതാക്കളെ ക്ഷണിക്കുകയാണ്. നഷ്ടപ്പെട്ടുപോയ ആഗസ്തീനോസെന്ന സ്വന്തം മകനെ തിരിച്ചുപിടിച്ചു മഹാവിശുദ്ധനാക്കിയത് മോനിക്ക പുണ്യവതിയുടെ കണ്ണീരിൽകുതിർന്ന പ്രാർത്ഥനയായിരുന്നു എന്നോർക്കാം.

മക്കളെ നന്നായി വളർത്താനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്ക് മാത്രമല്ല. കുടുംബത്തിലെ മുതിർന്ന അംഗങ്ങളെല്ലാം പങ്കിടേണ്ട കടമയാണത്. അതുപോലെ സമൂഹത്തിന്റെയും ഉത്തരവാദിത്വമാണിത്. പ്രത്യേകിച്ച് അദ്ധ്യാപകർ, വികാരിയച്ചന്മാർ, സിസ്റ്റേഴ്സ് എന്നിവർക്ക് ഇതിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. മാതാപിതാക്കന്മാരുടെ കടമകളെപ്പറ്റി മാത്രം ഇവിടെ പറഞ്ഞതുകൊണ്ട് മക്കൾക്ക് കടമകളൊന്നുമില്ല എന്ന് വരുന്നില്ല. കുട്ടികളോട് അതേപ്പറ്റി മറ്റൊരവസരത്തിൽ ഞാൻ പറയുന്നതാണ്.

ഇപ്രാവശ്യത്തെ ക്രിസ്തുമസ്സുകാലത്ത് ഉണ്ണീശോയെപ്പറ്റി ധ്യാനിച്ചുകൊണ്ട് നമ്മുടെ കുട്ടികളെയെല്ലാം മാതാവിന്റെയും യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥ്യത്തിന് ഏല്പ്പിച്ചുകൊടുക്കാം. സ്വന്തം കുഞ്ഞുങ്ങൾക്കു വേണ്ടി മാത്രമല്ല, മറ്റു കുട്ടികൾക്കുവേണ്ടി, പ്രത്യേകിച്ച് ദയനീയമായ ജീവിതാവസ്ഥകളിലൂടെ കടന്നുപോകുന്ന എല്ലാ കുട്ടികൾക്കുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. എല്ലാവർക്കും തിരുപ്പിറവിയുടെ മംഗളങ്ങളും ദൈവാനുഗ്രഹംനിറഞ്ഞ പുതുവർഷവും ആശംസിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **ഡിസംബർ 4-ാം** തീയതിയോ **11-ാം** തിയ്യതിയോ ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ശ്രേഷ്ഠ മെത്രാപ്പൊലീത്താ അജപാലന സന്ദർശനത്തിനുശേഷമയച്ച അനുമോദന സന്ദേശം

**അഭിവന്ദ്യ പിതാവേ, വൈദിക സഹോദരന്മാരെ, സമർപ്പിതരേ, സഹോദരീ സഹോദരങ്ങളെ, കുഞ്ഞുമക്കളെ,**

പാലക്കാട് രൂപതയിലെ ദൈവജനത്തിന്റെ കൂട്ടായ്മയിൽ മൂന്ന് ദിവസത്തോളം (നവംബർ 11-14) പങ്കുചേരാൻ സാധിച്ചതിൽ ദൈവത്തിന് നന്ദി പറയുന്നു. കഴിഞ്ഞ 37 വർഷത്തിനുള്ളിൽ രൂപതയ്ക്കുണ്ടായ വളർച്ച നേരിട്ടറിയുവാൻ അവസരം ലഭിച്ചു. അഭിവന്ദ്യ ജോസഫ് ഇരുമ്പൻ പിതാവ് ഈ പ്രാദേശിക സഭയിൽ ആദ്ധ്യാത്മികവും അജപാലനപരവുമായ നല്ലൊരു പാരമ്പര്യം സൃഷ്ടിച്ചിരുന്നു. ആ പാരമ്പര്യത്തെ പരിപോഷിപ്പിച്ചുകൊണ്ടും ദൈവജനത്തിന്റെ ബഹുമുഖമായ വളർച്ചയെ ലക്ഷ്യമാക്കിയുമാണ് ഇപ്പോൾ അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവ് രൂപതക്ക് നേതൃത്വം നൽകുന്നത്. പ്രവിശാലമായിരുന്ന പാലക്കാട് രൂപതയുടെ പ്രദേശത്ത് നിന്ന് തമിഴ്നാട് മേഖലയെ തിരിച്ച് രാമനാഥപുരം രൂപതയ്ക്ക് ജന്മം കൊടുക്കാൻ സാധിച്ചത് പാലക്കാട് രൂപതയുടെ വളർച്ചയുടെ നാഴികക്കല്ലാണ്.

രൂപതയിലെ മുഴുവൻ ആളുകളും കുടിയേറ്റക്കാരാണല്ലൊ. ഇതിനകം സംസ്ക്കാര സമന്വയത്തിലൂടെ ഒരു ഏകീകൃതഭാവം നേടിയിട്ടുണ്ട് എന്നത് രൂപതയുടെ കൂട്ടായ്മക്ക് ഉപകരിക്കുന്നു. 120ൽ പരം വൈദികരുടെ ഐക്യദാർഢ്യത്തോടെയുള്ള അജപാലനേതൃത്വം അഭനന്ദനീയമാണ്. ജനങ്ങളുടെ ആത്മീയതയും കർമ്മശേഷിയും നന്നായി പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് വൈദികരുടെ ശുശ്രൂഷ മുന്നേറുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതം വിദ്യാഭ്യാസപരവും സാമൂഹികക്ഷേമപരവുമായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിൽ അഭിവന്ദ്യ പിതാവ് പ്രദർശിപ്പിക്കുന്ന നിരന്തരമായ ശ്രദ്ധ മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇടവക വൈദികരും സന്യസ്തരും തമ്മിലുള്ള സഹകരണം ശ്ലാഘനീയമാണ്.

രൂപതാദിനാഘോഷവും നവംബർ 13 ഞായറാഴ്ച കത്തീഡ്രൽ പള്ളിയിലെ വി. കുർബാനയർപ്പണവും സഭാനുഭവത്തിന്റെ ഉന്നത നിമിങ്ങളായിരുന്നു. സമർപ്പിതരുടെ ജനറൽ, പ്രൊവിൻഷ്യൽ ഭവനങ്ങളും, യുവക്ഷേത്ര, സെന്റ് മേരീസ് പോളി ടെക്നിക് കേളേജുകളും





സന്ദർശിച്ചപ്പോൾ രൂപതയുടെ സേവനരംഗങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ് എന്ന് ഗ്രഹിക്കാൻ കഴിഞ്ഞു. ദരിദ്രരും പ്രായാധിക്യത്തിലെത്തിയവരുമായ 130ൽ പരം സ്ത്രീകൾക്കായി നടത്തുന്ന ദൈവദാനും അതുപോലുള്ള ഇതര സ്ഥാപനങ്ങളും സ്തുത്യർഹമായ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്.

പാലന ആശുപത്രി സഭാപ്രവർത്തനത്തിന്റെ നല്ലൊരു മാതൃകയാണ്. പാലക്കാട്, കോയമ്പത്തൂർ രൂപതകളും ഏതാനും സന്യാസ സമൂഹങ്ങളും കൈകോർത്ത് നടത്തുന്ന ഈ സ്ഥാപനം സഭയിലെ കൂട്ടായ പ്രവർത്തനത്തിന്റെ സവിശേഷത സമർത്ഥിക്കുന്നുണ്ട്. ഇത്തരം പ്രസ്ഥാനങ്ങൾ സഭയിൽ കൂടുതലായി ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിക്കുന്നു.

അട്ടപ്പാടിയിലെ താവളം സെഹിയോൻ ധ്യാനകേന്ദ്രം കേരളത്തിലെ സഭയിൽ തന്നെ ശ്രദ്ധയാകർഷിക്കുന്ന ശുശ്രൂഷയായി മാറിയിട്ടുണ്ട്. മെത്രാന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ധ്യാനകേന്ദ്രങ്ങൾ കേരളത്തിൽ പലതുണ്ട്. അവയെല്ലാം സഭാമക്കളുടെ നവീകരണത്തിന് ഉതകുന്ന സേവനമാണ് ചെയ്യുന്നത്. സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർ തങ്ങളുടെ മെത്രാനോട് ആലോചിച്ചും അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും മാത്രമാണ് പ്രവർത്തിക്കുന്നത് എന്നത് മാതൃകാപരമായ സാക്ഷ്യമാണ്. അതുപോലെ അഭിവന്ദ്യ മനത്തോടത്ത് പിതാവും ഈ ധ്യാനകേന്ദ്രത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി എല്ലാ വിശദാംശങ്ങളും ആരാഞ്ഞറിഞ്ഞ് ധ്യാനശുശ്രൂഷകൾക്ക് ശക്തി പകർന്ന് പ്രവർത്തിക്കുന്നു എന്നതും ശ്രദ്ധേയമാണ്. കരിസ്മാറ്റിക് നവീകരണശുശ്രൂഷ സഭാത്മകമായി നിർവ്വഹിക്കുന്ന ധ്യാനകേന്ദ്രമാണ് സെഹിയോൻ.

പാലക്കാട് രൂപതാ സന്ദർശനത്തിൽ വൈദികരോടും സന്യസ്തരോടും യുവജനങ്ങളോടും സംവദിക്കാൻ സധിച്ച സന്ദർഭങ്ങളെ എന്നും മനസ്സിൽ സൂക്ഷിക്കുന്നതാണ്. രൂപതയെയും സീറോ-മലബാർ സഭയെയും കുറിച്ച് പ്രസ്തുത സംവാദങ്ങളിൽ ഉരുത്തിരിഞ്ഞ ആശയഗതികൾ ആവേശം പകരുന്നവയായിരുന്നു. പലരും സീറോ-മലബാർ സഭയുടെ ഐക്യവും കൂട്ടായ്മയും ഊന്നിപ്പറഞ്ഞത് അനുസ്മരിക്കുന്നു. കുട്ടികളും യുവജനങ്ങളുമാണ് സഭയുടെ ഭാവി എന്ന ചിന്ത എല്ലാ സഭാശുശ്രൂഷകർക്കും ഉണ്ടായിരിക്കട്ടെ.

പാലക്കാട് രൂപതയെ ഉത്തരോത്തരം ആത്മീയവും സാംസ്കാ

രികവുമായ പുരോഗതിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ പിതാവിനും ദൈവജനം മുഴുവനും എന്റെ ഹൃദയപൂർവ്വകമായ അനുമോദനങ്ങൾ! ദൈവത്തിന്റെ കൃപയും സമാധാനവും നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

**മാർ ജോർജ്ജ് ആലഞ്ചേരി**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

NB: ഈ സന്ദേശം **ഡിസംബർ 4-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ശ്രേഷ്ഠ മെത്രാപ്പൊലീത്തായുടെ അജപാലന സന്ദർശനറിപ്പോർട്ട്

സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മാർജോർജ് ആലഞ്ചേരിമെത്രാപ്പോലീത്ത നമ്മുടെ രൂപതയിൽ നവംബർ 11-14 വരെ നടത്തിയ ഔദ്യോഗിക അജപാലന സന്ദർശനത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്

നവംബർ 11 ന് വെള്ളിയാഴ്ച വൈകിയിട്ട് 6.35 ന് കെ.കെ എക്സ്പ്രസ്സിൽ ഒലവക്കോട് റയിൽവേസ്റ്റേഷനിൽ വന്നിറങ്ങിയ ശ്രേഷ്ഠമെത്രാപ്പൊലീത്തായെ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ബൊക്കെ നൽകി സ്വീകരിച്ചു. കത്തീഡ്രൽ, മണ്ണാർക്കാട്, ഒലവക്കോട്, ധോണി, മാങ്കാവ് എന്നീ സമീപ ഇടവകകളിലെ ബ. വികാരിയച്ചന്മാരും ഇടവക പ്രതിനിധികളും ചേർന്ന് ഊഷ്മളമായ വരവേൽപാണ് പിതാവിന് നൽകിയത്.

നവംബർ 12 ന് ശനിയാഴ്ച രാവിലെ 6.30 ന് കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽരണ്ടു പിതാക്കന്മാരും വൈദികരും ചേർന്ന് സമൂഹബലിയർപ്പിച്ചു. 10 മണിക്കായിരുന്നു കത്തീഡ്രലിൽ ഔദ്യോഗിക വരവേൽപ്പ് കത്തീഡ്രലിന്റെ പ്രധാന കവാടത്തിൽ വെച്ച് രൂപതാദ്ധ്യക്ഷൻ ശ്രേഷ്ഠ മെത്രാപ്പോലീത്തായെ ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ. കെ.പി ലോറൻസ് പിതാവിന് ബൊക്കെ സമ്മാനിച്ചു. കത്തീഡ്രൽ സ്കൂൾ വിദ്യാർത്ഥികളുടെ ബാന്റ് വാദ്യങ്ങളോടെ പിതാവിനെ ദൈവാലയത്തിലേക്ക് ആനയിച്ചു. മോണ്ടളത്തിൽ വെച്ച് കത്തീഡ്രൽ വികാരി ജോസ് കല്ലുവേലിൽ അച്ചൻ പിതാവിനെ ക്രമപ്ര





കാരം ദൈവാലയത്തിലേക്ക് സ്വാഗതം ചെയ്തപ്പോൾ കത്തീഡ്രൽ ഗായകസംഘം ശ്രുതിമധുരമായ സ്വാഗതഗാനം ആലപിച്ചു. മദ്ബഹായിലെ മൗനപ്രാർത്ഥനയ്ക്കുശേഷം പിതാവ് ജനങ്ങളെ സംബോധന ചെയ്തപ്പോൾ സാർവ്വത്രിക സഭയിൽ സീറോ മലബാർ സഭയ്ക്കുള്ള അതുല്യ സ്ഥാനവും സഭാമക്കളുടെ ഉത്തരവാദിത്വവും ഊന്നിപ്പറയുകയുണ്ടായി.

തുടർന്ന് രൂപതാദിനാഘോഷത്തോടനുബന്ധിച്ചുള്ള പൊതു സമ്മേളനം പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടന്നു. മേഴ്സി കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച രംഗപൂജയോടെ അതിന് തുടക്കം കുറിച്ചു. അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ സ്വാഗത പ്രസംഗത്തിൽ, ശ്രേഷ്ഠമെത്രാപ്പോലീത്തയുടെ സന്ദർശനത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുകയുണ്ടായി. സാർവ്വത്രികസഭയ്ക്ക് നാനാതലങ്ങളിൽ ശക്തിയും ഉണർവും പകരുന്ന വ്യക്തിസഭയായി സീറോ മലബാർ സഭ വളർന്നുകൊണ്ടിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാമെന്ന് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രേഷ്ഠ മെത്രാപ്പോലീത്ത സൂചിപ്പിച്ചു. അപ്പസ്തോലിക പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതോടൊപ്പം ജീവിത സാക്ഷ്യത്തിലൂടെ അതാതു സ്ഥലങ്ങളിലെ വിവിധമതസ്ഥരോട് സ്നേഹ ഐക്യത്തിൽ ജീവിക്കുവാൻ നമ്മൾ സന്നദ്ധരാകണം. ഇതു സഭാമക്കളുടെ ചരിത്രനിയോഗമാണെന്ന് പിതാവ് കൂട്ടിച്ചേർത്തു.

വിദ്യാർത്ഥികളുടെ സർവ്വതോമുഖമായ വളർച്ച ലക്ഷ്യമാക്കി രൂപം കൊടുത്തിട്ടുള്ള STARS ന്റെ ലോഗോ ഉദ്ഘാടനവും പ്രീസ്റ്റ്ഹോം, ഫാർമസികോളേജ് എന്നിവയുടെ ശിലാശീർവാദകർമ്മവും ശ്രേഷ്ഠമെത്രാപ്പോലീത്ത നിർവഹിച്ചു.

പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ബ. ജോർജ്ജ് തുരുത്തിപ്പിള്ളി അച്ചനും പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ. കെ.പി ലോറൻസും, സി ആർ ഐ പ്രസിഡന്റ് ബഹു. ജോസ്പോൾ സി എം ഐ അച്ചനും സന്യാസിനി സമൂഹത്തിന്റെ പ്രതിനിധിയായി ബ. സി.ടെസ്സി ഒ.പി.യും, കെ.സി.വൈ.എം പ്രതിനിധി പ്രിൻസ് കുളമ്പുകാട്ടിലും മാതൃസംഘം പ്രസിഡന്റ് ശ്രീമതി ബിന്ദു സിറിയക്കും ആശംസകൾ നേർന്നു. അവാർഡ് ജേതാക്കളെയും ജൂബിലിക്കാരേയും അനുമോദിച്ചുകൊണ്ട് ബ. ജോർജ്ജ് പെരുമ്പുള്ളി അച്ചനും STARS നെ പറ്റി ബഹു. ജോമിസ് കൊടകശ്ശേരി അച്ചനും ഫാർമസി കോളേജിനെക്കുറിച്ച് ബഹു. മാർട്ടിൻ തട്ടിലച്ചനും പ്രസംഗിച്ചു. പാവപ്പെട്ടകുട്ടികളുടെ വിദ്യാഭ്യാസ സഹായ നിധിയിലേക്ക് ഉദാരമനസ്സോടെ സംഭാവന നൽകാൻ സന്നദ്ധരായി മുന്നോട്ടുവന്നവർക്ക് ശ്രേഷ്ഠമെത്രാപ്പോലീത്ത അഭിനന്ദനപത്രിക സമ്മാനിച്ചു. 2010-2011 വർഷങ്ങളിൽ വിവാ

ഹത്തിന്റെ സുവർണ്ണജൂബിലിക്കാരായ 29 ദമ്പതികളെയും യൂണിവേഴ്സിറ്റി തലത്തിൽ പഠനത്തിലും പാഠ്യേതര രംഗങ്ങളിലും റാങ്ക് കരസ്ഥമാക്കിയ 26 യുവതീവുവാക്കന്മാരെയും സന്യാസവ്രത സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലിക്കാരായ 16 സന്യാസിനികളെയും പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ബഹു. മാത്യു ആലപ്പാട്ട് എം.എസ്.എഫ്.എസ്., രജതജൂബിലിക്കാരായ ബഹു. ജോയി ചീക്കപ്പാറ, ബഹു. ജോർജ്ജ് എടത്തല എന്നീ വൈദികരെയും യോഗത്തിൽ അനുമോദിച്ചു. അധ്യാപനത്തിൽ സി. പൗളിൻ ഒ.പി., ശ്രീ. തോമസ് ആന്റണി, പോലീസ് സേവനത്തിൽ ശ്രീ. ജോർജ്ജ് മാഞ്ഞൂരാൻ, ശ്രീ. എ.ജെ. മാത്യു, ജീവൻ രക്ഷാ മാസ്റ്റർ അമൽ ആന്റണി, കാർഷിക മേഖലയിൽ ശ്രീ. പി. മാത്യു, ശ്രീ. പി. ബെന്നി, ശ്രീ. ജെയിംസ്, ആതുരശുശ്രൂഷയിൽ ബഹു. സി. ഘാന സി.എം.സി. ഉന്നത വിദ്യാഭ്യാസത്തിൽ ബഹു. ജോമോൻ പുത്തൻകളത്തിലച്ചൻ എന്നിവർക്ക് ലഭിച്ച സംസ്ഥാന ദേശീയ അവാർഡുകളെ മാനിച്ചുകൊണ്ട് രൂപതാവക മെമന്റോകൾ ശ്രേഷ്ഠ മെത്രാപ്പൊലീത്ത സമ്മാനിക്കുകയും ചെയ്തു. കൂടുതൽ മക്കളെ സഭക്ക് നൽകിയ ശ്രീ. ജോയ് എൽസി കോമ്പേരി ദമ്പതികളെയും പൈതൃകാശീർവ്വാദം നൽകി പിതാവ് ബഹുമാനിച്ചു.

ഒലവക്കോട് സെന്റ് തോമസ് സ്കൂൾ വിദ്യാർത്ഥിനികളുടെ പ്രേഷിത നൃത്തവും ഒലിപ്പാറ ഇടവക മാതൃസംഘാംഗങ്ങൾ ആലപിച്ച പ്രേഷിത സംഘഗാനവും പരിപാടിക്ക് മാറ്റു കൂട്ടി. എല്ലാം ക്രമമായും ഭംഗിയായും ചെയ്യുവാൻ അദ്ധ്വാനിച്ച വിവിധ കമ്മറ്റിയംഗങ്ങൾക്കും പരിപാടിയിൽ സംബന്ധിക്കുവാന് താൽപര്യപൂർവ്വം വന്നെത്തിയവർക്കും വികാരി ജനറാൾ അച്ചൻ നന്ദി പ്രകാശിപ്പിച്ചു. മാങ്കാവ് ഇടവക ഗായകസംഘം ആലപിച്ച പാപ്പാഗാനത്തോടെ പൊതു സമ്മേളനം സമാപിച്ചു. തുടർന്ന് നടന്ന സ്നേഹവിരുന്ന് രൂപതയാകുന്ന വലിയ കുടുംബത്തിന്റെ സൗഹൃദ കൂട്ടായ്മയുടെ തെളിവായിരുന്നു. 2.30 ന് നടന്ന വൈദികസംഘമത്തിൽ ബഹു. ജോസ് പി ചിറ്റിലപ്പുള്ളി സ്വാഗതം ആശംസിച്ചു. സമ്മേളനത്തിന്റെ ഉദ്ദേശ്യം മാർ ജേക്കബ് മനത്തോടത്ത് പിതാവ് വ്യക്തമാക്കി. സാർവത്രികസഭയിലെ നവസുവിശേഷവത്ക്കരണവും സീറോ മലബാർ സഭയിലെ പ്രേഷിത വർഷാചരണവും പൗരോഹിത്യ ദൗത്യനിർവഹണത്തിന്റെ ഇരുവശങ്ങളാണെന്ന് ശ്രേഷ്ഠ മെത്രാപ്പോലീത്ത സൂചിപ്പിച്ചു. അജപാലന രംഗത്ത് അനുഭവപ്പെടുന്ന പ്രശ്നങ്ങളും ക്രൈസ്തവകേരളത്തിൽ നേരിടുന്ന വെല്ലുവിളികളും കൂട്ടായ ചർച്ചയിൽ വിഷയമായി പൊന്തിവന്നു. ബഹു. പീറ്റർ കൊച്ചുപുരയ്ക്കലച്ചൻ എല്ലാവർക്കും നന്ദി അറിയിച്ചു.





ആയുർപാലന ആശുപത്രിയും പാലന ആശുപത്രിയും പിതാവ് സന്ദർശിച്ചു. പാലന ആശുപത്രിയിൽ ദിവംഗതനായ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ വർക്കി വിതയത്തിൽ സ്മാരകഹാൾ ഉദ്ഘാടനം ചെയ്തു. അതോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

സെറാഫിക് പ്രൊവിൻഷ്യൽ ഭവനവും ജെയ്ക്രിസ്റ്റോ പ്രൊവിൻഷ്യാൾ ഭവനവും പിതാവ് സന്ദർശിച്ചു. പിതാവിന്റെ ബഹുമാനാർത്ഥം ശ്രീ. എം.ബി. രാജേഷ് എം.പി., ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. തുടങ്ങിയ ജനപ്രതിനിധികളെയും പട്ടണത്തിലെ മുഖ്യഭരണസാരഥികളെയും സുഹൃത്തുക്കളെയും ക്ഷണിച്ച് അരമനയിൽ നൽകിയ അത്താഴ വിരുന്നായിരുന്നു അന്നത്തെ അവസാനപരിപാടി.

13ന് ഞായറാഴ്ച 8 മണിക്ക് കത്തീഡ്രലിൽ ദിവ്യബലിയ്ക്കെത്തിയ അഭിവന്ദ്യ പിതാവിനെ കത്തീഡ്രൽ വികാരി ബ. ജോസ് കല്ലുവേലിൽ അച്ചൻ ക്രമപ്രകാരം സ്വീകരിച്ചു. സീറോ മലബാർ സഭയും, പാലക്കാട് രൂപതയിലെ ഓരോ ഇടവകയും ഇടവകയിലെ ഓരോ കുടുംബവും സാർവ്വത്രികസഭയുടെ പ്രതിരൂപമാണെന്ന ബോധ്യത്തോടെ വർത്തിക്കണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. ദിവ്യബലിയ്ക്കുശേഷം ആശംസാ സമ്മേളനമുണ്ടായിരുന്നു. 10.30ന് ആയിരുന്നു പിതാവും യുവജനങ്ങളും ചേർന്നുള്ള സംഗമം. സഭയിലെ ആനുകാലിക പ്രശ്നങ്ങളെ സംബന്ധിച്ച് പിതാവൊന്നിച്ച് സംസാരിക്കുവാൻ സാധിച്ചത് വലിയ അനുഗ്രഹമാണെന്ന് അംഗങ്ങൾ എടുത്തു പറയുകയുണ്ടായി. 11.45 നായിരുന്നു സി.ആർ.ഐ സമ്മേളനം. സന്യസ്തർ അവരുടെ വ്രത ജീവിതത്തിലൂടെ സഭയ്ക്ക് പുതുചൈതന്യം പ്രദാനംചെയ്യുവാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പിതാവ് എടുത്തു പറഞ്ഞു. ഉച്ചകഴിഞ്ഞ് വിമൽറാണി പ്രൊവിൻഷ്യൽ ഹൗസും, ഹോളി ഫാമിലി പ്രൊവിൻഷ്യൽ ഹൗസും പിതാവ് സന്ദർശിച്ചു. തുടർന്ന് യുവക്ഷേത്രയിൽ പി.ജി ബ്ലോക്ക് പിതാവ് ഉദ്ഘാടനം ചെയ്തു. അതോടനുബന്ധിച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽവെച്ച് പിതാവ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സന്ദേശം നൽകി. അവിടെ നിന്ന് മണ്ണാർക്കാട് ഡൊമിക്കൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റിലേക്ക് പോകുന്നവഴി പൊന്നംകോട്, മണ്ണാർക്കാട് ഫൊറോന പള്ളികളിൽ പിതാവ് ഹ്രസ്വസന്ദർശനം നടത്തി ജനങ്ങളെ ആശീർവദിച്ചു. വൈകിട്ട് 8.30ന് സെഹിയോൻ ധ്യാനകേന്ദ്രത്തിലെത്തിയ പിതാവ് അവിടെയുള്ള ശുശ്രൂഷകരെ പരിചയപ്പെടുകയും അവർക്ക് സന്ദേശം നൽകുകയും ചെയ്തു. താവളം ഫൊറോനയിലെയും ധ്യാനകേന്ദ്രത്തിലെയും വൈദികരുമൊത്ത് അത്താഴം കഴിച്ച ശേഷം രാത്രി അവിടെ വിശ്രമിച്ചു.

14-ാം തിയ്യതി രാവിലെ ധ്യാനകേന്ദ്രത്തിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും ധ്യാനത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന ജനങ്ങളെ അഭിസംബോധന ചെയ്ത് പ്രസംഗിക്കുകയും ചെയ്തു. അതിനുശേഷം സെഹിയോൻ ടി.വി ലൈവ് ശുശ്രൂഷയുടെ ഉദ്ഘാടനവും അഭിഷേകാഗ്നി സെന്ററിന്റെ ശിലാശിർവ്വാദവും നിർവഹിച്ചു. തുടർന്ന് താവളം ഫൊറോന പള്ളിയിൽ സമ്മേളിച്ചിരുന്ന വിശ്വാസികൾക്ക് ആശീർവ്വാദം നൽകുകയും അവിടെ പണിയാൻ പോകുന്ന പാരിഷ് ഹാളിന്റെ അടിസ്ഥാനശില ആശീർവ്വദിക്കുകയും ചെയ്തു. 10.30ന് അരമനയിൽ തിരിച്ചെത്തിയ പിതാവ് രൂപതാ കൂരിയായിലെ അച്ചന്മാരും സഹപ്രവർത്തരുകമായി കുറച്ചുസമയം ചിലവഴിച്ചു. സന്ദർശന പരിപാടികൾ വളരെ ചിട്ടയോടും ക്രമത്തോടും കൂടി സംഘടിപ്പിച്ചതിന് എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും പ്രകാശിപ്പിച്ചു. മൗണ്ട് സെന്റ് തോമസ്സിലേക്ക് മടങ്ങിപ്പോകുന്നവഴി വള്ളിയോട് സെന്റ് മേരീസ് കോളേജ് സന്ദർശിച്ചു. അവിടെ പണിയാൻ പോകുന്ന സെന്റ് മേരീസ് ട്രെയ്നിംഗ് സെന്ററിന്റെ ശില ആശീർവ്വദിച്ചു. ആ സ്ഥാപനത്തിന്റെ പ്രാധാന്യത്തെപ്പറ്റി അധ്യാപകരോടും വിദ്യാർത്ഥികളോടും സംസാരിച്ചു. തുടർന്ന് ദൈവദാൻ സെന്റർ സന്ദർശിക്കുകയും അന്തേവാസികൾക്ക് മധുരപലഹാരം വിതരണം ചെയ്യുകയും ചെയ്തു. പിതാവ് അവസാനം സന്ദർശിച്ചത് വടക്കഞ്ചേരി ഫൊറോന പള്ളിയായിരുന്നു. അവിടുത്തെ ജനങ്ങളും ചെറുപുഷ്പം സ്കൂൾ കുട്ടികളും ചേർന്ന് പിതാവിന് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. പിതാവ് കുട്ടികൾക്ക് നൽകിയ സന്ദേശം ഹൃദ്യമായതായിരുന്നു.

വടക്കഞ്ചേരി ഫൊറോനയിലെ വൈദികരുമൊത്ത് പിതാവ് ഉച്ചഭക്ഷണം കഴിച്ചു. തദവസരത്തിൽ കൂരിയാ ചാൻസലർ ബഹു. ആന്റണി കൊള്ളന്നൂർ ആച്ചൻ നടത്തിയ പ്രസംഗത്തിൽ പിതാവിന്റെ പേരിൽ ഏവർക്കും നന്ദി പ്രകാശിപ്പിക്കുകയും ഏറ്റം ക്രമീകൃതമായും ഫലപ്രദമായും സംഘടിപ്പിക്കപ്പെട്ട അജപാലന സന്ദർശനമുമായിരുന്നു കഴിഞ്ഞ ദിവസങ്ങളിൽ നടന്നതെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. പിതാവും ഇക്കാര്യം അടിവരയിട്ടു പറഞ്ഞു. പിതാവിന്റെ കത്ത് അന്യത്ര ചേർത്തിട്ടുണ്ട്. വളരെ അനുഗ്രഹപ്രദമായ അജപാലനസന്ദർശനം നടത്തിയതിന് ശ്രേഷ്ഠ മെത്രാപ്പൊലീത്താക്ക് അഭിവന്ദ്യ മനത്തോടത്ത് പിതാവ് നന്ദിപറഞ്ഞു. സഹയാത്രികരായിരുന്ന ചാൻസലർ അച്ചന്റെയും സെക്രട്ടറിയച്ചന്റെയും സേവനങ്ങളെ പിതാവ് നന്ദിയോടെ അനുസ്മരിച്ചു. അഭിവന്ദ്യ മനത്തോടത്ത് പിതാവ് ശ്രേഷ്ഠമെത്രാപ്പൊലീത്തായെ മൗണ്ട് സെന്റ് തോമസ്സിലേക്കും അനുയാത്രചെയ്തു. ഉച്ചകഴിഞ്ഞ് 3.00ന് അവിടെ തിരിച്ചെത്തി.





നമ്മുടെ സഭാധ്യക്ഷന്റെ ഔദ്യോഗിക സന്ദർശനം അനുഗ്രഹപ്രദവും പ്രചോദനാത്മകവുമായിരുന്നു. ഈ സംഭവം ഫലപ്രദമാക്കാൻ പ്രവർത്തിച്ച എല്ലാ കമ്മറ്റിയംഗങ്ങളോടും ഇടവകകൈകാരന്മാരോടും എല്ലാ വിഭാഗത്തിൽപെട്ട സുഹൃത്തുക്കളോടും നന്ദി അറിയിച്ചു കൊള്ളുന്നു. പിതാവിന്റെ സന്ദർശനം സഭാസമൂഹത്തിൽ കൈവരുത്തിയ ആത്മീയചൈതന്യം നിലനിർത്തുവാൻ നമുക്ക് ശ്രമിക്കാം.

**മോൺ. ജോസഫ് ചിറ്റിലപ്പിള്ളി**
വികാരി ജനറാൾ, പാലക്കാട് രൂപത

---

455/2011
29-11-2011

# വിജ്ഞാപനം-109

പാലക്കാട് രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും ആശീർവ്വാദം

രൂപതയിലെ വൈദികരുടെ അലവൻസിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതാണെന്ന് ബോധ്യപ്പെട്ടതിനാൽ താഴെ പറയുന്ന ക്രമീകരണം വരുത്തിയിരിക്കുന്നു.

ഇടവക വികാരിക്ക് - 6000 രൂപ അസ്തേന്തിക്ക് - 5950 രൂപ

ആഴ്ചയിൽ ഒരു കുർബാന മാത്രമുള്ള സ്റ്റേഷൻ പള്ളികളിൽ നിന്ന് : 1000 രൂപ, മഠങ്ങളിൽ നിന്ന് 500 രൂപ.

ഒന്നിലധികം കുർബാനകൾ ഉണ്ടെങ്കിൽ ഓരോന്നിനും 200 രൂപ കൂടുതൽ നൽകേണ്ടതാണ്. സ്റ്റേഷൻ പള്ളികളിലെയും മഠങ്ങളിലെയും അലവൻസ് ബഹു. അച്ചൻ സ്ഥിരം താമസിക്കുന്ന പള്ളിയിൽ വരവുവെച്ച് രസീത് കൊടുക്കേണ്ടതാണ്. ആഴ്ചയിൽ ഒരു കുർബാന മാത്രമാണെങ്കിൽ 150 രൂപയും ഒന്നിൽ കൂടുതലുണ്ടെങ്കിൽ ഓരോന്നിനും 100 രൂപയും സ്ഥിരതാമസമുള്ള പള്ളിയിൽ നിന്ന് ബഹു. അച്ചന് സ്വീകരിക്കാവുന്നതാണ്.

മഠത്തിൽ നിന്ന് ഭക്ഷണം സ്വീകരിക്കുന്ന വൈദികർ മാസം 2000 രൂപ നൽകേണ്ടതാണ്. മറ്റു കാര്യങ്ങളെല്ലാം 2007 ജൂലൈ 31ലെ തിരുക്കർമ്മ ധർമ്മ വിവരത്തിൽ കൊടുത്തതുപോലെ തുടരേണ്ടതാണ്. ഈ ക്രമീകരണം 2012 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

2011



# BISHOP'S Engagements

| | | |
|---|---|---|
| **2011 DECEMBER** | | |
| 1 | | Meeting, Bishop's House |
| 4 | | Irumpakachola |
| 5 | | Mannarkkad (Kudumbakoottayma) |
| | PM | Meeting, Pastoral Centre |
| 7 | | Pre- Cana, Yuvakshetra |
| | PM | Meeting, POC |
| 8 | | Sehion Retreat Centre, Thavalam |
| 9 | | Trustee's Council Meeting, Paalana |
| 10 | | Meeting, POC |
| 11 | | St. Mary's Church, Tathamangalam |
| | PM | Meeting, Pastoral Centre Thrissur |
| 12 | | Meeting, Mt. St. Thomas, Kakkanad |
| 13-15 | | KCBC |
| 17 | PM | Meeting, Yuvakshetra |
| 18 | | St. Antony's Chruch, Pombra Town Hall Meeting |
| 19 | | Monthly Recollection, Pastoral centre |
| 21 | | Sehion Retreat Centre, Thavalam |
| 25 | | Holy Mass, Cathedral |
| 26 | | Ernakulam |
| 27 | 9.30am | Ordination, Karimba |
| | PM | Dominican Sisters Generalate, Mkd. |
| 28 | 9.30am | Ordination, Elavampadam |
| 29 | | Valamangalam |
| 30 | | Catechism Commission Meeting, Kakkanad |
| 31 | 9.30am | Ordination, Thavalam |
| | PM | St. Mary's Church, Karakurussi |
| **2012 JANUARY** | | |
| 1 | PM | Sinai |
| 7 | | Vestition, Perimbadari |
| 9-13 | | Synod, Mt. St Thomas, Kakkanad |
| 13 | | Thrissur |







# From the Bishop's Office

**വൈദികരുടെ മാസധ്യാനം**

ഡിസംബർ 19-ാം തിയ്യതി വൈദികരുടെ മാസധ്യാനം ഇപ്രാവശ്യം **പാസ്റ്ററൽ സെന്ററിൽവെച്ച്** നടത്തപ്പെടുന്നു. എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്

**പ്രേഷിത സംഗമം**

പ്രേഷിത വർഷാചരണത്തോടനുബന്ധിച്ച് പാലക്കാട് രൂപതയുടെ പുറത്ത് സേവനം ചെയ്യുന്ന രൂപതാംഗങ്ങളായ ബഹു. അച്ചന്മാരുടെയും ബ്രദർമാരുടെയും, സിസ്റ്റർമാരുടെയും വിശദാംശങ്ങളടങ്ങിയ ഡയറക്ടറി തയ്യാറാക്കുന്നതിലേക്ക് (c.f. 2011 സെപ്റ്റംബർ ബുള്ളറ്റിൻ, ഇടയലേഖനം) രൂപതാകാര്യാലയത്തിൽ നിന്നും നല്കിയ ഫോറത്തിൽ പൂരിപ്പിച്ച് ഡിസംബർ 15ന് മുമ്പ് ബഹു. വികാരി ജനറാൾ അച്ചന് അയച്ചുകൊടുക്കണമെന്ന് അറിയിച്ചിരുന്നു. പ്രേഷിതരുടെ സംഗമം മെയ് മാസത്തിൽ നടത്താനും നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ ഫോറം പൂരിപ്പിച്ചു തരാത്ത അച്ചന്മാർ എത്രയുംവേഗം തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**തിരുപ്പട്ടം**

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന എളവംപാടം ഇടവകാംഗം ഡീ. ലിനോ ഇമ്മട്ടിയെയും താവളം ഇടവകാംഗം ഡീ. തോമസ് കുളംപള്ളിയെയും പ്രാർത്ഥനയിൽ ഓർക്കുക.

**വിവാഹമുടക്കം**

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ്സിന് ഒരുക്കമായുള്ള നോമ്പ് ആയതിനാൽ ആ ദിവസങ്ങളിൽ വിവാഹ ആഘോഷങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

**നിത്യാരാധനാ കപ്പേള**

ഡിസംബർ 24 -ാം തിയ്യതി ശനിയാഴ്ച പാലക്കാട് നിത്യാരാധനാ കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 2-Jan-12 | MON | Rev. Fr. Chittilapilly Jose P. |
| 3-Jan-12 | TUE | Rev. Fr. Chothirakottu Peter |
| 4-Jan-12 | WED | Rev. Fr. Edathala George |
| 5-Jan-12 | THU | Rev. Fr. Ettonnil Gilbert |
| 6-Jan-12 | FRI | Rev. Fr. Ettumanookaran Martin |
| 7-Jan-12 | SAT | Rev. Fr. Irimpen Sebastian |
| 9-Jan-12 | MON | Rev. Fr. Kaitharath Antony |
| 10-Jan-12 | TUE | Rev. Fr. Kalamattathil Arun |
| 11-Jan-12 | WED | Rev. Fr. Kalampadan Martin |
| 12-Jan-12 | THU | Rev. Fr. Kalapurakkal Joseph |
| 13-Jan-12 | FRI | Rev. Fr. Kallingal Joseph |
| 14-Jan-12 | SAT | Rev. Fr. Kalluvelil Jose |
| 16-Jan-12 | MON | Rev. Fr. Kanjirathinkal Renny |
| 17-Jan-12 | TUE | Rev. Fr. Kannampuzha Jose |
| 18-Jan-12 | WED | Rev. Fr. Karikkattil Ceejo |
| 19-Jan-12 | THU | Rev. Fr. Kizhakkedath Roy |
| 20-Jan-12 | FRI | Rev. Fr. Kizhakkedath Thom |
| 21-Jan-12 | SAT | Rev. Fr. Kochuparambil Jose |
| 23-Jan-12 | MON | Rev. Fr. Kochupurackal Peter |
| 24-Jan-12 | TUE | Rev. Fr. Kodakasseril Jomis |
| 25-Jan-12 | WED | Rev. Fr. Kolamkanny Justin |
| 26-Jan-12 | THU | Rev. Fr. Kozhipadan Tony |
| 27-Jan-12 | FRI | Rev. Fr. Kuruthukulngara Peter |
| 28-Jan-12 | SAT | Rev. Fr. Kuttipuzhakaran Sanil |
| 30-Jan-12 | MON | Rev. Fr. Malekudiyil Sherjo |
| 31-Jan-12 | TUE | Rev. Fr. Maliekal George |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

**മതാദ്ധ്യാപക ധ്യാനങ്ങൾ**

ഈ വർഷത്തെ ഫൊറോനാതല മതാദ്ധ്യാപകർക്കായുള്ള ധ്യാനം ഡിസംബർ 5 തിങ്കൾ 9.30 am to 4.00 pm ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)യിൽ നടത്തപ്പെടുന്നു. ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളരാൻ എല്ലാ മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ജനറൽക്വിസ് 2011–2012**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. **(വില. 35 രൂപ)**

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപത മതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 17–ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് ഒരുമണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ്ദാനവും**

സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2012 ജനുവരി 26–ാം തിയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 10.00 മണിക്ക് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ് ക്വിസ് 2011 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1,2,3 റാങ്കുലഭിച്ചവരും 4,5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാരും പ്രസ്തുത മീറ്റിംഗിൽ സന്നിഹിതരാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B,C,D,E വിഭാഗങ്ങളിൽ 70% ൽ കൂടുതൽ മാർക്കു ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകയിലേക്കുമുള്ള കവറുകളിൽ നിന്ന് ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേ

സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്.

**10th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച വേദോപദേശത്തിന്റെ 10th II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്ന പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ജനുവരി 30-ാം തിയതി ഉത്തരക്കടലാസിനോടൊപ്പം മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനനതിയതി, മാമ്മോദീസാ തിയതി, തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിക്കണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചു നൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 15 രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**കറസ്പോണ്ടൻസ് കോഴ്സ്**

കറസ്പോണ്ടൻസ് കോഴ്സിന് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കായിട്ടുള്ള രണ്ടാംഘട്ട ക്ലാസ്സുകൾ ഡിസംബർ 26-ന് നടത്തുന്നു.

| | |
|---|---|
| ക്ലാസ്സ് തിയതി | ഡിസംബർ 26 |
| ക്ലാസ്സ് സമയം | 9.30 am to 4.00 pm |
| സ്ഥലം | പാസ്റ്ററൽ സെന്റർ |

അന്നേ ദിവസം ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തുന്നതായിരിക്കും. ഒരുങ്ങി വരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പഠനഭാഗം**

**പാഠങ്ങൾ: 1-6, ഉപപാഠം : ഒന്നാം ഭാഗം, പുറപ്പാട് : 16-24, ജനറൽ ക്വിസ് 155-183**

**പ്രേഷിതയായ സിറോ-മലബാർ സഭ**

സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും പഠിക്കുവാനും വേണ്ടി സിനഡൽ കമ്മീഷൻ ഫോർ കാറ്റകെസീസ് തയ്യാറാക്കിയിരിക്കുന്ന പുസ്തകം **"പ്രേഷിതയായ സീറോമലബാർ സഭ"** സാൻജോ ബുക്സ്റ്റാളിൽ ലഭ്യമാണ്. രൂപതയിലെ എല്ലാ അധ്യാപകരും അഞ്ചാം ക്ലാസ്സിന് മുകളിലുള്ള എല്ലാ കുട്ടികളും നിർബന്ധമായും ഈ പുസ്തകം വായിച്ചിരിക്കേണ്ടതാണ്. വി. 12.00 രൂപ

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

10,11,12 ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 29-ാം തിയതി ഞായറാഴ്ച നടക്കുന്നതായിരിക്കും.

**I-IX ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ**

I മുതൽ IX വരെയുള്ള ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ





ഫെബ്രുവരി 26 ഞായറാഴ്ചയാണ്.

പഠനഭാഗം: ജനറൽ ക്വിസ് : ക്ലാസ് 5-7 (പേജ് 100-132), ക്ലാസ് 8-10 (പേജ് 134-149), ക്ലാസ് XI, XII (പേജ് 184-215)

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് മാർച്ച് 4-ാം തിയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്വിസ് (പേജ് 173-215) | 50 മാർക്ക് |
| പരിശുദ്ധാരൂപി | 15 മാർക്ക് |
| പ്രേഷിത സഭ (പേജ് 1-44) | 25 മാർക്ക് |
| പൊതുവിജ്ഞാനം | 10 മാർക്ക് |
| **ആകെ** | **100 മാർക്ക്** |

**കുട്ടികളുടെ ക്വിസ് മത്സരം**

കുട്ടികളുടെ രൂപതാതല ക്വിസ് മത്സരം ജനുവരി 14-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. UP. HS, HSS എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായാണ് മത്സരങ്ങൾ നടത്തുന്നത്. ഫൊറോനയിൽ നിന്നു ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചിരിക്കുന്ന ടീമുകൾക്ക് രൂപതയിൽ പങ്കെടുക്കാം. മത്സരത്തിനുള്ളവർ 9.30 am -ന് രൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്. Reg Fee: ഒരു ടീമിന് 75 രൂപായായിരിക്കും. ഉച്ചഭക്ഷണം പാസ്റ്ററൽ സെന്ററിൽ നിന്ന് ലഭിക്കുന്നതാണ്. ആദ്യത്തെ റൗണ്ട് മത്സരം എഴുത്തുപരീക്ഷയായിരിക്കും. രണ്ടാം ഘട്ടം ഓഡിയോവിഷ്വൽ ഉൾപ്പെടുത്തിയ ചോദ്യപരീക്ഷയായിരിക്കും.

വിദ്യാർത്ഥികൾക്ക് സ്കൂൾതലങ്ങളിൽ പരീക്ഷ നടക്കുന്നതിനാൽ ഡിസംബർ 17-ാം തിയ്യതി നടത്താനിരുന്ന കുട്ടികളുടെ രൂപതാതല ക്വിസ് മത്സരം ജനുവരി 14-ാം തിയ്യതിയിലേക്ക് മാറ്റിയിരിക്കുന്നു.

**NB: പഠനഭാഗം : വിശ്വാസപരിശീലനത്തിന് വഴികാട്ടി 50% (യു.പി. 21-50, 100-132, എച്ച്.എസ്. 51-98, 134-149, എച്ച്.എസ്.എസ്. 155-215) ബൈബിൾ 35% (വി. മത്തായി 15-28, വി. പത്രോസിന്റെ ഒന്നാം ലേഖനം), പ്രേഷിത സഭ 15% (പേജ് 1-44)**

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**കുട്ടികളുടെ ക്വിസ് മത്സരം ഫൊറോനാതല വിജയികൾ**

**യു.പി**

കാഞ്ഞിരപ്പുഴ 1. അനിലമാത്യു

| | | | |
|---|---|---|---|
| | | മരിയ തോമസ് | ചീനിക്കപ്പാറ |
| | 2 | അശ്വിൻ ഇമ്മാനുവൽ | |
| | | നിത്യ മരിയ ജോൺ | കാഞ്ഞിരപ്പുഴ |
| മംഗലംഡാം | 1. | സോണിയ ബാബു | |
| | | നമിത ജോർജ്ജ് | മംഗലംഡാം |
| | 2. | സെബാസ്റ്റ്യൻ അലക്സ് | |
| | | മരിയ ജെയിംസ് | മരിയനഗർ ചിറ്റടി |
| മണ്ണാർക്കാട് | 1. | അനാന ബിജു | |
| | | അഖില കെ.എസ് | മണ്ണാർക്കാട് |
| | 2. | അഞ്ജലി നെബു | |
| | | മിന്നു എലിസബത്ത് | മണ്ണാർക്കാട് |
| മേലാർകോട് | 1. | വിപിൻ പയസ് | |
| | | ജിസ്ന എം.എസ് | നെന്മാറ |
| | 2. | അജയ് ജോസ് | |
| | | അനുജ ജോസ് | ചിറ്റിലഞ്ചേരി |
| ഒലവക്കോട് | 1. | എബി അബ്രാഹം | |
| | | ജോജോ കെ.ജെ | പുലാപ്പറ്റ |
| | 2. | റോസ് മേരി ജോസ് | |
| | | അഞ്ജു പി.എ | മുണ്ടൂർ |
| ഒറ്റപ്പാലം | 1. | ജിസ് മരിയ | |
| | | ജേക്കബ് | ആലങ്ങാട് |
| | 2. | ഫെബി റോയ് | |
| | | അലീന ബെന്നി | കടമ്പഴിപ്പുറം |
| പാലക്കാട് | 1. | ലിജി ജോർജ്ജ് | |
| | | ജിൻസൺ ജോർജ്ജ് | കത്തീഡ്രൽ |
| | 2. | റോസ് മരിയറ്റ് | |
| | | സാവിയോ | കഞ്ചിക്കോട് |
| പൊന്നംകോട് | 1. | അമൽ സെബാസ്ററ്യൻ | |
| | | സൗമ്യ ജേക്കബ് | പൊന്നംകോട് |
| | 2. | അർച്ചനമോൾ | |
| | | നീതു എസ്.പി | അരപ്പാറ |
| തത്തമംഗലം | 1. | ടിനിമോൾ.പി.ബി | |
| | | റോസ് റപ്പായി | ചിറ്റൂർ |
| | 2. | ആഗ്നസ് ജോസഫ് | |
| | | ലിയ ജോസഫ് | തത്തമംഗലം |
| താവളം | 1 | ക്രിസ്റ്റീന മാത്യു | |
| | | ജോസ്ന ജോസഫ് | അഗളി |
| | 2. | ആഗ്നസ് പി ജോൺ | |
| | | മിഖാ എം ജിമ്മി. | കാരറ |
| വടക്കഞ്ചേരി | 1. | റോസ് മരിയ | |
| | | ജോമി ജോണി | പാലക്കുഴി |
| | 2. | സ്വപ്ന ആൽഫ്രഡ് | |
| | | ഷൈനി പി ജോസഫ് | രാജഗിരി |
| **എച്ച് എസ്** | | | |
| കാഞ്ഞിരപ്പുഴ | 1 | സോഫി സുനിൽ | |
| | | ദിയ മെറിൻ മാത്യു | പൂഞ്ചോല |





| | | | |
|---|---|---|---|
| | 2 | ഡൊമിനിക് തോമസ് | |
| | | മിനിമോൾ ടോണി | കാഞ്ഞിരപ്പുഴ |
| മംഗലം ഡാം | 1 | സെബിൻ ജോൺ | |
| | | ബെസ്റ്റോ സെബാസ്റ്റ്യൻ | കയറാടി |
| | 2. | അജിത് ആന്റണി | |
| | | അനില മാത്യു | മംഗലംഡാം |
| മണ്ണാർക്കാട് | 1 | ജിത്തു ജോസ് | |
| | | സാന്ദ്ര ബെന്നി | ശ്രീകൃഷ്ണപുരം |
| | 2 | നോയൽ | |
| | | മേരി | കാരാപ്പാടം |
| മേലാർകോട് | 1 | തോമസ് പി.എഫ് | |
| | | തോമസ് മാത്യു | മേലാർകോട് |
| | 2 | ബെസ്സി ബെന്നി | |
| | | ജിൽസ | ചിറ്റിലഞ്ചേരി |
| ഒലവക്കോട് | 1 | ഷോൺ തോമസ് | |
| | | അഞ്ജലിന അബ്രാഹം | പുലാപ്പറ്റ |
| | 2. | അലീന വിൽസൺ | |
| | | സ്നേഹ ഡൊമിനിക് | മുണ്ടൂർ |
| ഒറ്റപ്പാലം | 1. | ആൻസി ആഡ്രൂസ് | |
| | | ആര്യ ജെയിംസ് | പട്ടാമ്പി |
| | 2. | മെറിൻ റോസ് | |
| | | നയന ബിനോയ് | പാലപ്പുറം |
| പാലക്കാട് | 1 | ജെറിൻ ടോം ജോഷി | |
| | | ജിൽസൺ ജോയ് | കല്ലേപ്പുള്ളി |
| | 2 | അലീന | |
| | | ജിനു ഇ.എസ് | കത്തീഡ്രൽ |
| പൊന്നംകോട് | 1. | അഖില | |
| | | ലിറ്റി | അരപ്പാറ |
| | 2 | അമന്റ് | |
| | | അലീന | പൊന്നംകോട് |
| തത്തമംഗലം | 1. | മിഫിൻ സണ്ണി | |
| | | എൽസ ഷോബി | ചിറ്റൂർ |
| | 2. | ക്രിസ്റ്റി. പി.എം | |
| | | ഷാന്റി പി.ജെ | കൊല്ലംകോട് |
| താവളം | 1 | അഞ്ജന മേരി സണ്ണി | |
| | | ജെയ്നി പി.ജെ | കോട്ടത്തറ |
| | 2 | ജെൻസി പി ജോൺ | |
| | | ഷിൻസി പിലിപ്പോസ് | കാരറ |
| വടക്കഞ്ചേരി | 1. | സ്റ്റെഫി തോമസ് | |
| | | റിനി സൈമൺ | വടക്കഞ്ചേരി |
| | 2. | ഡോണ മാത്യു | |
| | | ടെസ്സ് മരിയ | പാലക്കുഴി |
| **എച്ച്.എസ്.എസ്** | | | |
| കാഞ്ഞിരപ്പുഴ | 1. | ഡിവിൻ പോൾസൺ | |
| | | ജെഫിൻ മാത്യു | കാഞ്ഞിരപ്പുഴ |

| | | |
|---|---|---|
| | 2. അഞ്ജു ജോയ് | |
| | സൂര്യ ജോസ് | ചിനക്കപ്പാറ |
| മംഗലംഡാം | 1 ദിയ ജോർജ് | |
| | സച്ചിൻ ബാബു | മംഗലംഡാം |
| | 2. നിഖിൽ തോമസ് | |
| | അമലു ഷിൽബി | കയറാടി |
| മണ്ണാർക്കാട് | 1. അനിറ്റ മാത്യു | |
| | റിറ്റി തോമസ് | ശ്രീകൃഷ്ണപുരം |
| | 2. സിബിൻ എ പയസ് | |
| | ലിബിന | മണ്ണാർക്കാട് |
| മേലാർക്കോട് | 1. ജിതിൻ റാഫി | |
| | ജീന പയസ് | നെന്മാറ |
| | 2. ജിനോ പി ജോയ് | |
| | കിരൺ ജോയ് | ചിറ്റിലഞ്ചേരി |
| ഒലവക്കോട് | 1. ജെസ്ന മാത്യു | |
| | സൗമ്യ സാമുവൽ | മൈലംപുള്ളി |
| | 2. പ്രസിത | |
| | എമിൽഡ ജോൺസൺ | ആനക്കല്ല് |
| ഒറ്റപ്പാലം | 1. രേഷ്മ റോയ് | |
| | റോഷ്ണ റോയ് | ആലങ്ങാട് |
| | 2. ബെൻഹർ ആന്ദ്രൂസ് | |
| | അൻസു തോമസ് | പട്ടാമ്പി |
| പാലക്കാട് | 1 ഫെബി ഇ.ജെ | |
| | റിൻസി എ | കല്ലേക്കാട് |
| | 2 എമിൻ | |
| | ടീന | കഞ്ചിക്കോട് |
| പൊന്നംകോട് | 1. സിനു ജോസ് | |
| | ചിഞ്ചു ജോസഫ് | ചുള്ളിയംകുളം |
| | 2. ജിസ്മിമോൾ ജോസഫ് | |
| | ഡിൽബി ജോസഫ് | അരപ്പാറ |
| തത്തമംഗലം | 1. ജോൺസി വി.ജോയ് | |
| | റോസ്മിൻ പോൾസൺ | ചിറ്റൂർ |
| | 2 നിഖിത ബെന്നി. സി | |
| | ജിസ്മേരി ജോ. ടി.ജെ | തത്തമംഗലം |
| താവളം | 1 മെറിൻ ജോയ്സ് | |
| | മെറിൻ മാത്യു | കോട്ടത്തറ |
| | 2. അനീഷ ജോസഫ് | |
| | ലിൻസി ജോസഫ് | താവളം |
| വടക്കഞ്ചേരി | 1. സുഷ്മിത സജീവ് | |
| | സംഗീത സജീവ് | വടക്കഞ്ചേരി |
| | 2. ടീജ സണ്ണി | |
| | ജെസ്ലിൻ സാബു | രാജഗിരി |

**അധ്യാപകരുടെ ക്വിസ് മത്സരം**

അധ്യാപകരുടെ രൂപതാതല ക്വിസ് മത്സരം ഡിസംബർ 5-ാം





തിയ്യതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഫൊറോനയിൽ നിന്നും ഒന്നും രണ്ടും സ്ഥാനം ലഭിച്ച ടീമുകൾക്കാണ് രൂപതയിൽ പങ്കെടുക്കാൻ അവസരമുള്ളത്. മത്സരത്തിനുള്ളവർ 9.30-ന് രൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരണ്ടേതാണ്. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 75 രൂപയാണ്. ഉച്ചഭക്ഷണം പാസ്റ്ററൽ സെന്ററിൽ നിന്ന് ലഭിക്കുന്നതാണ്. ആദ്യഭാഗം എഴുത്തു പരീക്ഷയും രണ്ടാംഭാഗം ഓഡിയോവിഷൽ അടങ്ങിയ ചോദ്യപരീക്ഷയായിരിക്കും.

**പഠനഭാഗം : വിശ്വാസപരിശീലനത്തിന് വഴികാട്ടി 50% (പേജ് 51-81, 173-215) ബൈബിൾ 35% (വി. മത്തായി 15-28, വി. പത്രോസിന്റെ ഒന്നാം ലേഖനം), പ്രേഷിത സഭ 15%** (പേജ് 1-44)

**രൂപതാതല സമ്മാനങ്ങൾ**

1-ാം സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാം സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാം സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**അദ്ധ്യാപകരുടെ ക്വിസ് മത്സര വിജയികൾ**

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | 1 മേരിക്കുട്ടി ജോസഫ് | |
| | റെജി ജോൺ, | പൂഞ്ചോല |
| | 2. കുസുമം ജോസഫ് | |
| | ജ്യോതിസ് സോജൻ | കാഞ്ഞിരപ്പുഴ |
| മംഗലം ഡാം | 1 മിനിജോസഫ് | |
| | ജൂഹി എൽസ് ജോർജ്ജ് | ഒലിപ്പാറ |
| | 2 മോളി ആന്റണി | |
| | റോസമ്മ മാത്യു | പൊൻകണ്ടം |
| മണ്ണാർക്കാട് | 1. ലിജു ബാബു | |
| | മേരി ബാബു | ശ്രീകൃഷ്ണപുരം |
| | 2. Sr. സാലി op | |
| | ചിന്നമ്മ കുര്യൻ | മണ്ണാർക്കാട് |
| മേലാർകോട് | 1. സെലിൻ സെബാസ്റ്റ്യൻ | |
| | ഡേവിഡ് പുത്തൻവീട്ടിൽ | ചിറ്റിലഞ്ചേരി |
| | 2. മിഷ മാത്യു | |
| | മെറിൻ പി വാറുണ്ണി | മേലാർകോട് |
| ഒലവക്കോട് | 1. Sr ഹെൽന ഡി.ഡി.പി | |
| | സ്വപ്ന തോമസ് | പുലാപ്പറ്റ |
| | 2. മേരിക്കുട്ടി ഫിലിപ്പ് | |
| | ബീന ജെയിംസ് | സെന്റ് ജൂഡ് മലമ്പുഴ |
| ഒറ്റപ്പാലം | 1. ആൻസി ജോസ് | |
| | ചിന്നമ്മ ജെയിംസ് | കടമ്പഴിപ്പുറം |
| | 2. ആനീസ് അഗസ്റ്റിൻ | |
| | റോസ്‌ലിൻ ജേക്കബ് | പാലപ്പുറം |

| | | | |
|---|---|---|---|
| പാലക്കാട് | 1. | സി. പവിത്ര | |
| | | അനു ജോസ് | ടൗൺചർച്ച് |
| | 2 | ഗീത ശശി | |
| | | സോഫി അലക്സാണ്ടർ | വാളയാർ |
| പൊന്നംകോട് | 1 | സി. ആൻ മേരി CSS | |
| | | വിമല മാത്യു | കല്ലടിക്കോട് |
| | 2. | അനി ജോർജ്ജ് | |
| | | എൽസി മാത്യു | കരിമ്പ |
| തത്തമംഗലം | 1. | ആനി പി.ഡി | |
| | | സി. മരിയ മാർഗരറ്റ് CHF | പരുത്തിക്കാട് |
| | 2. | ലോളി സണ്ണി | |
| | | ജെയ്സി ജെയിംസ് | തത്തമംഗലം |
| താവളം | 1 | തിമോത്തിയോസ് കെ.ടി | |
| | | കുഞ്ഞുമോൾ റോബിൻ | കാരറ |
| | 2. | ആൻസില്ല മണിക്രിസ്റ്റോ | |
| | | ഷിജി ബെന്നി | അഗളി |
| വടക്കഞ്ചേരി | 1. | സി. സോണിയ ജോസ് CHF | |
| | | ഗ്രേസി ജോണി | വടക്കഞ്ചേരി |
| | 2 | വത്സ കുര്യൻ, | |
| | | ബേബി | തച്ചനടി |

## കുട്ടികളുടെ സാഹിത്യമത്സര വിജയികൾ

കുട്ടികൾക്കായി നടത്തിയ സാഹിത്യമത്സരങ്ങളിൽ വിജയികളായവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

### ചെറുകഥാ മത്സരം

**V**

| | | |
|---|---|---|
| I | അലുമോൾ വർക്കി | രജഗിരി |
| II | അനില സജി | മംഗലംഡാം |
| III | ജൂഡിത്ത് റോസ് ചിറയത്ത് | കത്തീഡ്രൽ |

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | ദൃഢബാബു | കാഞ്ഞിരപ്പുഴ ഡാം |
| പാലക്കാട് | ഡെൽഫി മാനുവൽ | കഞ്ചിക്കോട് |
| പൊന്നംകോട് | സെബിനിമോൾ പി.എസ്. | ചുള്ളിയാംകുളം |
| താവളം | ആശ ജോസഫ് | കാരറ |
| വടക്കഞ്ചേരി | ഷരോൺ ബെന്നി | വടക്കഞ്ചേരി |

**VI**

| | | |
|---|---|---|
| I | നമിത ജോർജ്ജ് | മംഗലംഡാം |
| II | ജോമി ജോണി | പാലക്കുഴി |
| III | അബിത ഫ്രാൻസിസ് | കാഞ്ഞിരപ്പുഴ |

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | സ്നേഹമരിയ തോമസ് | കാഞ്ഞിരപ്പുഴ |
| മംഗലംഡാം | ഡോണിയ ബാബു | മംഗലംഡാം |
| മണ്ണാർക്കാട് | സോണി മരിയ | മണ്ണാർക്കാട് |
| മേലാർക്കോട് | ജിജോ ഫ്രാൻസിസ് | മേലാർക്കോട് |
| ഒലവക്കോട് | ജെനിറ്റ് സാബു | ഞാറക്കോട് |





| | | |
|---|---|---|
| ഒറ്റപ്പാലം | മെൽവിൻ വിൻസെന്റ് | കടമ്പഴിപ്പുറം |
| പാലക്കാട് | എസ്തേർ മരിയ തെരേസ് | കത്തീഡ്രൽ |
| പൊന്നങ്കോട് | ആൻ മരിയ കുര്യൻ | കല്ലടിക്കോട് |
| താവളം | നീന മാത്യു | ത്രിത്വമല |
| വടക്കഞ്ചേരി | ഹർഷ കെ. ജോൺ | വടക്കഞ്ചേരി |

**VII**

| | | |
|---|---|---|
| I | മാർട്ടിൻ സെബാസ്റ്റ്യൻ | കേരളശ്ശേരി |
| II | സ്റ്റെനി ആന്റണി | ഞാറക്കോട് |
| III | മേരി പാറയിൽ | കത്തീഡ്രൽ |

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | ആർഷ രാജൻ | കാഞ്ഞിരപ്പുഴ ഡാം |
| മംഗലംഡാം | ഡേവിസ് ബേബി | നീതിപുരം |
| മണ്ണാർക്കാട് | ബ്രിജിത് പി.എ. | കാരാപ്പാടം |
| മേലാർക്കോട് | ടോണി ജോസ് | പോത്തുണ്ടി |
| ഒലവക്കോട് | മനീഷ. എം. | മുണ്ടൂർ |
| ഒറ്റപ്പാലം | റിയാ ജോൺസൺ | കടമ്പൂർ |
| പാലക്കാട് | എത്സ ജെ. ആലപ്പാട്ട് | ചന്ദ്രനഗർ |
| പൊന്നങ്കോട് | അർച്ചനമോൾ സി.കെ. | അരപ്പാറ |
| തത്തമംഗലം | ടിനിമോൾ പി.വി. | ചിറ്റൂർ |
| താവളം | ജോസ്ന ജോസഫ് | അഗളി |
| വടക്കഞ്ചേരി | അലക്സ് മുണ്ടക്കൽ | പാലക്കുഴി |

**VIII**

| | | |
|---|---|---|
| I | ബീന ബിജു | കേരളശ്ശേരി |
| II | ഗീതു കുരുവിള | കൊടുവായൂർ |
| III | അലീന ബെന്നി | പുലാപ്പറ്റ |

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | ലിറ്റി ജോസഫ് | പൂഞ്ചോല |
| മംഗലംഡാം | സെബിൻ ജോൺ | കയറാടി |
| മണ്ണാർക്കാട് | ജിൻസി കെ. | മണ്ണാർക്കാട് |
| മേലാർക്കോട് | റീജ റെജി | പോത്തുണ്ടി |
| ഒലവക്കോട് | ഷോൺ തോമസ് | പൂലാപ്പറ്റ |
| ഒറ്റപ്പാലം | നയന ബിനോയ് | പാലപ്പുറം |
| പാലക്കാട് | ജിനു ഇ.എസ്. | കത്തീഡ്രൽ |
| പൊന്നങ്കോട് | ജിന്റോ ജോസ് | നിരവ് |
| താവളം | ജെസ്ന ജോസ് | താവളം |
| വടക്കഞ്ചേരി | അരുൺ ആന്റണി | വചനഗിരി |
| തത്തമംഗലം | അമൽ ജേക്കബ് | കൊടുവായൂർ |

**IX**

| | | |
|---|---|---|
| I | ഹെലൻ ആഗസ് | ഒലവക്കോട് |
| II | ലിയാ റെന്നി | പാലക്കുഴി |
| III | വിസ്മയ ജോസഫ് | ത്രിത്വമല |

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | അലൻ ടോം | കാഞ്ഞിരപ്പുഴ ഡാം |
| മംഗലംഡാം | റീത്ത പി.ഒ. | മാങ്കുറുശ്ശി |
| മണ്ണാർക്കാട് | സ്റ്റെമി ടോമി | മണ്ണാർക്കാട് |

| | | |
|---|---|---|
| മേലാർക്കോട് | ശില്പ തോമസ് | മേലാർക്കോട് |
| ഒലവക്കോട് | ഡയാനാ ജോസ് | സെന്റ് ജൂഡ്, മലമ്പുഴ |
| ഒറ്റപ്പാലം | പേയ്സി ഷാജൻ | പാലപ്പുറം |
| പാലക്കാട് | ജാസ്മിൻ പോളി | കത്തീഡ്രൽ |
| പൊന്നങ്കോട് | ലിൻസി ജോസഫ് | അരപ്പാറ |
| തത്തമംഗലം | നിഖിത തോമസ്. സി. | ചിറ്റൂർ |
| താവളം | നിഖില ബിനോയ് | അഗളി |
| വടക്കഞ്ചേരി | അനി ആന്റണി | വടക്കഞ്ചേരി |

**X**

| | | |
|---|---|---|
| I | ജെൻസി പി. ജോൺ | കാരറ |
| II | അമന്റ ബെൻ | പൊന്നങ്കോട് |
| III | ആർലിൻ ജോയ് | കാഞ്ഞിരപ്പുഴ |

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | അർച്ചന സൂസൻ | പാലക്കയം |
| മംഗലംഡാം | അനില മാത്യു | മംഗലംഡാം |
| മണ്ണാർക്കാട് | ക്രിസ്റ്റീന | കൈതച്ചിറ |
| മേലാർക്കോട് | തോമസ് പി.എഫ്. | മേലാർക്കോട് |
| ഒലവക്കോട് | അനു പി. ജോസ് | സെന്റ് ജൂഡ്, മലമ്പുഴ |
| ഒറ്റപ്പാലം | അനുമോൾ ജോസ് | കേരളശ്ശേരി |
| പാലക്കാട് | ബിൻസി എം.പി. | കല്ലേക്കാട് |
